**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3864

20.07.2015 -ൽ മറുപടിക്ക്

## പട്ടയ വിതരണത്തിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, ബെന്നി ബെഹനാൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പട്ടയ വിതരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് പട്ടയവിതരണത്തിനായി 'ഭൂരഹിതരില്ലാത്ത കേരളം 2015' പ്രകാരം പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ സംസ്ഥാനത്ത് ഭൂമിയുടെ ഉടമസ്ഥാവകാശത്തിന് അർഹതയുള്ള എല്ലാവർക്കും വിവിധ വിഭാഗങ്ങളിലുള്ള പട്ടയ വിതരണം, പട്ടയമേളകൾ സംഘടിപ്പിച്ച്കൊണ്ട് ത്വരിതപ്പെടുത്തി യിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) സ്വന്തമായി ഭൂമി ഇല്ലാത്തതും വാർഷിക വരുമാനം 75,000/- രൂപയിൽ താഴെയായിട്ടുള്ളതുമായ ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേയ്ക്കായി 3 സെന്റ് ഭൂമി വീതം പതിച്ച് കൊടുത്ത് ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. |
| (സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; | (സി) ഭൂമി സൗജന്യമായി വിട്ടു തന്ന് പദ്ധതിയുമായി ചില വ്യക്തികളും സഹകരിച്ച് വരുന്നു. |
| (ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (ഡി) പദ്ധതി സമയ ബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ടി ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. കൂടാതെ സംസ്ഥാന/ജില്ല/താലൂക്ക് തലങ്ങളിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ചും പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള നടപടികളും ഭരണതലത്തിൽ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**